# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാണിമേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി4/997/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 14/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാണിമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി4/997/2022 തീയ്യതി: 14/06/2022

## കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-03-2022 മുതൽ 03-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) | 03-06-2022 | 08-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-06-2022 | 08-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ജയകുമാർ പാലോളി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ കെ.എസ്, ഓഡിറ്റർ
ശ്രീ.വിജേഷ് കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഒ.സി. ജയൻ | പ്രസിഡന്റ് | 01-04-2020 | 13-11-2020 |
| പി.സുരയ്യ ടീച്ചർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ബിനു ജോസ് | സെക്രട്ടറി | 01-04-2020 | 22-06-2020 |
| ഉമ്മർകുട്ടി കെ.വി(അസിസ്റ്റന്റ് സെക്രട്ടറി) | സെക്രട്ടറി-**ഇൻ**-ചാ**ർ**ജ്ജ് | 22-06-2020 | 26-06-2020 |
| സവിത.എം | സെക്രട്ടറി | 26-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഉമ്മർകുട്ടി.കെ.വി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.ദിപിൻ രാജ്.എൻ.എൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 01-04-2020 | 28-01-2021 |
| ഡോ.ജെ.ബി.മോൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 02-02-2021 | 31-03-2021 |
| ഡോ.മുൻഷിദ്.എൻ.ടി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഷീബ (A.E In Charge) | അസി. എഞ്ചിനീയർ | 26-06-2020 | 26-06-2020 |
| പ്രസന്നകുമാർ.വി,ഓവർസിയർ (A.E In Charge) | അസി. എഞ്ചിനീയർ | 27-06-2020 | 02-02-2021 |
| ഷബ്ന ഷാജഹാൻ | അസി. എഞ്ചിനീയർ (എംപ്ലോയ്മെന്റ്) | 02-02-2021 | 31-03-2021 |
| സജൻ ദാസ് | വി.ഇ.ഓ | 01-04-2020 | 31-03-2021 |
| മഞ്ജുഷ.സി.കെ | വി.ഇ.ഓ | 01-04-2020 | 31-03-2021 |
| രേഷ്മ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 24-10-2020 |
| രമ.കെ.എൻ | ഐ.സി.ഡി.എസ് | 24-10-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| അബ്ദുള്ള മാസ്റ്റർ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ദിൽ വേദ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ലിഗി.കെ.പി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| അമല ശക്തിധരൻ | കൃഷി ഓഫീസർ | 01-04-2020 | 30-04-2020 |
| ഇബ്രായി.കെ.എൻ | കൃഷി ഓഫീസർ | 01-05-2020 | 22-06-2020 |
| നീതു ചന്ദ്രൻ സി | കൃഷി ഓഫീസർ | 22-06-2020 | 03-03-2021 |
| ഹരിത.ടി.ആർ (In Charge) | കൃഷി ഓഫീസർ | 04-03-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vijesh K.K (Auditor, On 09-06-2022)<br>Last Updated By: Sathish Kumar K (Audit Officer (HG), On 14-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Vijesh K.K (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Vijesh K.K (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (ACRപ്രകാരം)<br>Written By: Vijesh K.K (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Vijesh K.K (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Jayan P (Senior Grade Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-6 |
| 8 | ക്ഷേമ പെൻഷനുകൾ<br>Written By: Vijesh K.K (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-7 |
| 9 | വിവിധ ക്ഷേമ പെൻഷൻ സംബന്ധിച്ച അപാകതകൾ<br>Written By: Vijesh K.K (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-7-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-8 |
| 11 | വാണിജ്യ കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം അനധികൃതമായി നിർമ്മാണം നടത്തി<br>Written By: Shibin K S (Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-9 |
| 12 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു-നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Shibin K S (Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-10 |
| 13 | ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ<br>Written By: Shibin K S (Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-11 |
| 14 | റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു<br>Written By: Shibin K S (Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-12 |
| 15 | ബഡ്സ് സ്കൂളിൽ അനുബന്ധകെട്ടിടത്തിന്റെ നിർമ്മാണം എങ്ങുമെത്തിയില്ല-അസൗകര്യങ്ങളിൽ വീർപ്പ് മുട്ടി കുട്ടികൾ | 1-13 |

| | | |
|---|---|---|
| | Written By: Jayan P (Senior Grade Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | |
| 16 | ടേക്ക് -എ-ബ്രേക്ക് വിശ്രമ കേന്ദ്രം കെട്ടിട നിർമ്മാണം-നിയമക്കേടുകൾ<br>Written By: Jayan P (Senior Grade Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-14 |
| 17 | ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച എം.സി.എഫ് ഉപയോഗിക്കുന്നില്ല-പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ മാലിന്യം കൂട്ടിയിട്ടിരിക്കുന്നു.<br>Written By: Jayan P (Senior Grade Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-15 |
| 18 | കുങ്കൻ നിരവ് കുടിവെള്ള പദ്ധതിക്കായി കിണർനിർമ്മിച്ച് മൂന്ന് വർഷത്തിലേറെയായിട്ടും പദ്ധതി പ്രാവർത്തികമായില്ല<br>Written By: Jayan P (Senior Grade Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-16 |
| 19 | ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനരഹിതം<br>Written By: Jayan P (Senior Grade Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-17 |
| 20 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-18 |
| 21 | പ്ളാസ്റ്റിക്ക് മാലിന്യശേഖരണം നീക്കം ചെയ്യൽ പദ്ധതി-മാലിന്യങ്ങളുടെ അളവ് കണക്കാക്കാതെ ക്ളീൻ കേരളകമ്പനിക്ക് തുകനൽകി .<br>Written By: Jayakumar Paloli (Asst. Audit Officer, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-19 |
| 22 | എസ്.ടി ഭവന നിർമ്മാണം/വാസയോഗ്യമാക്കൽ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-20 |
| 23 | സുഭിക്ഷകേരളം -കരനെൽകൃഷി വ്യാപനം കൂലിചെലവ് പദ്ധതി പ്രകാരമല്ലാതെ സബ്സിഡി അനുവദിച്ചു.<br>Written By: Jayakumar Paloli (Asst. Audit Officer, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-21 |
| 24 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത കുട്ടിക്കും നൽകി<br>Written By: Sathish Kumar K (Audit Officer (HG), On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-22 |
| 25 | തുടർവിദ്യാഭ്യാസ പദ്ധതി - ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-23 |
| 26 | പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Sathish Kumar K (Audit Officer (HG), On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-24 |
| 27 | സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം - വിശദാംശം ലഭ്യമാക്കിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-25 |
| 28 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-26 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vijesh K.K (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Vijesh K.K (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Vijesh K.K (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vijesh K.K (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-7 |
| 8 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Vijesh K.K (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vijesh K.K (Auditor, On 07-06-2022)<br>Last Updated By: Vijesh K.K (Auditor, On 07-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vijesh K.K (Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vijesh K.K (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 23.03.2020 തീയതിയിലെ 01/37/20 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 19.02.2021 തീയതിയിലെ തീരുമാന നമ്പർ 01/45-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2020-21 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|---|
| മുന്നിരിപ്പ് | 8693025 | 2997740 | 10953874 |
| വരവ് | 145070000 | 147573000 | 72151439 |
| ആകെ | 153763025 | 150570740 | 83105313 |
| ചെലവ് | 151893800 | 143179200 | 73327758 |
| നീക്കിയിരിപ്പ് | 1869225 | 7391540 | 9777555 |

മേൽ പട്ടികയിൽ യഥാർത്ഥ ബജറ്റും പുതുക്കിയ ബജറ്റും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ്/ ചെലവ് തുകകളും കൊടുത്തിരിക്കുന്നു. ഇത് പ്രകാരം ബജറ്റ് തയ്യാറാക്കിയതും പുതുക്കിയതും യഥാർത്ഥത്തിലുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതായി കാണാവുന്നതാണ്. യഥാർത്ഥ ബജറ്റിൽ 86.9 ലക്ഷം രൂപയാണ് മുന്നിരിപ്പായി കണക്കാക്കിയത്, പുതുക്കിയ ബജറ്റിൽ ഇത് മൂന്ന് ഇരട്ടിയോളം കുറഞ്ഞ് 29.97 ലക്ഷം രൂപയാണ് മുന്നിരിപ്പായി കൊടുത്തിരിക്കുന്നത്. എന്നാൽ യഥാർത്ഥ മുന്നിരിപ്പ് പുതുക്കിയ ബജറ്റിലും മൂന്ന് ഇരട്ടി വർദ്ധിച്ച് 109.53 ലക്ഷം രൂപയാണ്. വരവിനത്തിലും ചെലവിനത്തിലും യഥാർത്ഥ ബജറ്റും പുതുക്കിയ ബജറ്റും യഥാർത്ഥ വരവ് ചെലവുമായി വലിയ വ്യത്യാസം കാണാവുന്നതാണ്. സാമ്പത്തിക വർഷാവസാനം മാത്രം തയ്യാറാക്കുന്ന പുതുക്കിയ ബജറ്റ് യാഥാർത്ഥ്യത്തോട് അടുത്ത് നിൽക്കേണ്ടതായിരുന്നു.

ബജറ്റ് തയ്യാറാക്കുമ്പോൾ എന്തൊക്കെ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ് എന്ന് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ (2019-20) വിശദമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും 2020-21 -ലെ ബജറ്റ് തയ്യാറാക്കുന്നതിലും പാലിച്ചിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കുന്നതിനായി ബജറ്റ് മാന്വലിലെയും പഞ്ചായത്ത് രാജ് നിയമങ്ങളിലെയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഇത് സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 07.05.2021 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലോൺ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി ഇനത്തിലെ വരവ് ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) മാർച്ച് 2021 മാസത്തെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

5) ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക്ഷീറ്റ് വെച്ചിട്ടില്ല.

6) ബാലൻസ് ഷീറ്റ് ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7) B-14 പ്രകാരം 18035/- രൂപയുടെ സ്റ്റോക്ക് നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

8) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ B-3 എന്നത് ഫിക്സഡ് അസറ്റിന്റെയും (B-11) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിന്റെയും (B-11a) ആകെ തുകയാണ്. എന്നാൽ ഇവ തമ്മിൽ 789307/-രൂപയുടെ വ്യത്യാസം കാണുന്നു.

9) RP-5 പ്രകാരം ടെണ്ടർ ഫോം ഇനത്തിൽ 122364/-രൂപ വരവുണ്ട്. എന്നാൽ വരവ് കൃത്യത ഉറപ്പ് വരുത്തുന്ന രീതിയിൽ ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

10) 12) വാർഷിക കണക്ക്, ACR എന്നിവ തമ്മിൽ ചെലവ് തുകയിൽ ചുവടെ കൊടുത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ACR പ്രകരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 13499963 | 14818894 |
| വികസന ഫണ്ട് (SCP) | 310373 | 325000 |
| വികസന ഫണ്ട് (TSP) | 2679271 | 2589271 |
| MG-Non Road | 4333720 | 3108725 |

11) ടെണ്ടർ ഫീസ് വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

12) വാർഷിക കണക്ക് B4 സ്റ്റേറ്റ്മെന്റ് പ്രകാരം Contribution For Other Specific Purposes (For Capital Expenditure) ഇനത്തിൽ 199869/-രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ B-17ലെ ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ ഈ തുക നീക്കിയിരിപ്പായില്ല.

13)വാർഷിക കണക്ക് B4 സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാന്റ് ഫണ്ട്&കോൺട്രിബ്യൂഷൻ ഫോർ Specific Purposes-Other Govt.Agencies എന്ന ഹെഡിൽ ചെലവഴിക്കാൻ അവശേഷിക്കുന്നതായി 5879959/-രൂപ കാണുന്നുണ്ട്. എന്നാൽ ഈ തുകയിൽ ഏതൊക്കെ തുകകളാണുള്ളത് എന്നും ഈ തുക ഏത് ബാങ്ക്/ട്രഷറി അക്കൗണ്ടിലാണുള്ളത് എന്ന് വ്യക്തമാവുന്നില്ല. ഈഅക്കൗണ്ടിന് ACR സൂക്ഷിച്ചിട്ടില്ല.

14) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം Other Liabilities ഇനത്തിൽ 12,96,992/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക 17.03.2017 തിയ്യതി മുതൽ 28.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിൽ അക്കൗണ്ടിലേയ്ക്ക് വരവ് വന്നതും ചെലവഴിക്കാൻ അവശേഷിക്കുന്നതുമായ തുകയാണ് എന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

15) വാർഷിക കണക്ക് B4 സ്റ്റേറ്റ്മെന്റ് പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ 2654429/-രൂപ ചെലവഴിയ്ക്കാൻ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക ഉൾപ്പെടുന്ന കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ 2700763/-രൂപ നീക്കിയിരിപ്പായി കാണുന്നു. വ്യത്യാസമുള്ള തുക ഏത് ഇനത്തിലെ വരവാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

16) B4 സ്റ്റേറ്റ്മെന്റ് പ്രകാരം Grand Fund Contribution For Specific Purposes Other Than Development Fund And Stte Sponsors ഇനത്തിൽ 2560000/-രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ ഇത് ഏതൊക്കെ ഇനങ്ങളിലെ വരവാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

17) ട്രഷറി കോവിഡ് അക്കൗണ്ടിൽ B-17 പ്രകാരം 8750/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ഇല്ല എന്ന് കാണുന്നു.

18) B-17പ്രകാരം SBI-E പെയ്മെന്റ് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

19) വാർഷിക കണക്കിലെ I&Eസ്റ്റേറ്റ്മെന്റിൽ വസ്തുനികുതി റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ എന്ന് സ്പ്ലിറ്റ് ചെയ്യാതെ റസിഡൻഷ്യൽ ബിൽഡിംഗിന്റെ ഡിമാന്റിൽ നോൺ റസിഡൻഷ്യലിന്റേതും ഉൾപ്പെടുത്തിയാണ് ഡിമാന്റ് ചേർത്തിരിക്കുന്നത്. കൂടാതെ വരവ് കൃത്യത പരിശോധിക്കുന്നതിനായി 31/03/2021ലെ റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ എന്ന് തിരിച്ചുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10953874 |
| ഓഡിറ്റ് വർഷത്തെ വരവ് | 72151439 |
| ആകെ | 83105313 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 73327758 |
| നീക്കിയിരിപ്പ് | 9777555 |

## 1-4 ഫണ്ട് വിനിയോഗം (ACRപ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 14703470 | 14703470 | 13499963 | 1203507 |
| വികസന ഫണ്ട് S.C.P | - | 310373 | 310373 | 310373 | 00 |
| വികസന ഫണ്ട് TSP | | 3138364 | 3138364 | 2679271 | 459093 |
| M.G.(Road) | - | 12686000 | 12686000 | 12686000 | 00 |

| | | | | | |
|---|---|---|---|---|---|
| M.G.( NonRoad) | | 4333720 | 4333720 | 4333720 | 00 |
| C.F.C ഗ്രാന്റ് | - | 11708229 | 11708229 | 7727881 | 3980348 |
| C.F.C ഗ്രാന്റ് (Tied) | | 6000000 | 6000000 | 1235220 | 4764780 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 14703470 | 17192961 |
| വികസനഫണ്ട് (എസ്.സി.പി) | 310373 | 339627 |
| വികസനഫണ്ട് (ടി.എസ്.പി) | 3138364 | 3360000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 17708229 | 14661546 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 4333720 | 5438064 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി),വികസനഫണ്ട് (ടി.എസ്.പി), ധനകാര്യ കമ്മിഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) എന്നിവ പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 98966603 | 174 | 51087667 | 42 | 36 | 82% |

ഓഡിറ്റ് വർഷം 210 പദ്ധതികൾക്കായി വകയിരുത്തിയ 98966603 രൂപയിൽ 51087667 രൂപയാണ് ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാനായി കഴിഞ്ഞത്. വകയിരുത്തിയ തുകയിൽ 4.11 കോടി രൂപ വിനിയോഗിക്കാൻ കഴിയാതെ പോയി. പദ്ധതികൾക്കായി വകയിരുത്തിയ തുകകളിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള സർക്കാർ ഗ്രാന്റുകളുടെ ചെലവ് എഴുപത് ശതമാനത്തിൽ കൂടുതൽ ഉണ്ടെങ്കിലും ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 61.13% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. കുടിവെള്ള പദ്ധതികൾക്കായി വകയിരുത്തിയ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിൽ വന്ന വീഴ്ചയാണ് ചെലവ് കുറയുന്നതിനിടയാക്കിയത്. പദ്ധതികൾക്കായി വകയിരുത്തിയ കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, ബ്ലോക്ക്പഞ്ചായത്ത് ഫണ്ട്, ജില്ലാപഞ്ചായത്ത് ഫണ്ട് എന്നിവയുടെയും വിനിയോഗം കാര്യക്ഷമമായില്ല. സ്ഥാപനത്തിന്റെ തനത് ഫണ്ട് കമ്മിയിലാണെന്നത് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായി പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷം 3012533 രൂപ തനത്ഫണ്ട് പദ്ധതികൾക്കായി വകയിരുത്തുകയും അതിൽ 1061681 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക നില പരിഗണിക്കാതെ പദ്ധതികൾക്ക് തനത് ഫണ്ട് വകയിരുത്തുന്നത് തുടർവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി വർദ്ധിപ്പിക്കുന്നതിനിടയാക്കും എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി അവലോകനം

വാണിമേൽ ഗ്രാമപഞ്ചായത്ത് - തൊഴിലുറപ്പ് പദ്ധതി 2020-21

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2494 | 1246502 | 1248996 | 1230986 | 18010 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 62514030 | 62514030 | 62514030 | 0 |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ തൻവർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 16 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 6127 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4628 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2365 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 751 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 69.6 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 428 |
| വകയിരുത്തിയ തുക | 1,04,07,6250 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 288 |
| കൂലിയിനത്തിലെ ചെലവ് (അൺ സ്കിൽഡ് ) | 4,85,71,874 |
| കൂലിയിതരയിനത്തിലെ ചെലവ് (സ്കിൽഡ്) | 14,86,750 |
| തൊഴിലുപകരണങ്ങൾ വാടകയ്ക്കു നൽകി തൻവർഷം ലഭിച്ച തുക | 6,55,720 |

1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 8410400 | 552 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 16244900 | 1091 |
| വാർദ്ധക്യകാല പെൻഷൻ | 15712300 | 1209 |
| വികലാംഗ പെൻഷൻ | 4643800 | 307 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 193200 | 12 |
| വിവാഹ ധനസഹായം | 60000 | 2 |

1-7-1 വിവിധ ക്ഷേമ പെൻഷൻ സംബന്ധിച്ച അപാകതകൾ

വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

വാണിമേൽ ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. കർഷക തൊഴിലാളി പെൻഷൻ , വിധവാ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. സെക്രട്ടറി സേവന സോഫ്റ്റ്വെയറിൽ പെൻഷൻ അംഗീകാരം നൽകി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന തീയതി മുതൽക്ക് മാത്രമാണ് പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭിക്കുകയുള്ളൂ. അതിനാൽ അപേക്ഷ ലഭിച്ച് പരിശോധന നടത്തി സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്നതിൽ കാലതാമസം വരുമ്പോൾ ഇത് ഗുണഭോക്താവിന് അർഹതയുണ്ടെങ്കിൽ പോലും പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടാവുന്നു. പഞ്ചായത്തിലെ വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഓഡിറ്റ് കാലയളവിലെ മിക്ക രജിസ്റ്ററുകളിലും അപേക്ഷ ലഭ്യമായ തീയതിയും ഭരണസമിതി അംഗീകാരം നൽകിയ തീയതിയും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തീയതിയും അന്വേഷണത്തിനായി അന്വേഷണ ഉദ്യോഗസ്ഥന് ഫയൽ കൈമാറിയ തീയതിയും, അന്വേഷണ റിപ്പോർട്ട് നൽകിയ തീയതിയും ഇതിൽ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും തീരുമാനമെടുത്ത തീയതിയും ഇതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്തു തീയതിയും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവിടെ ഇത് പാലിക്കപ്പെട്ടിട്ടില്ല. അതിനാൽ പെൻഷൻ അപേക്ഷയിൽ കാലതാമസമുണ്ടായത് എവിടെയാണ് എന്ന് വ്യക്തമായി മനസിലാക്കാൻ സാധിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും മേൽ വിവരഹ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും പെൻഷൻ കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് അനുഭവവേദ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്..

മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല .

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരം ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നില്ല. ഇത് അനർഹമായി

മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ പോവുന്നതിന് ഇടയാക്കുന്നു. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അധികമായി നൽകുന്ന പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. കൂടാതെ പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യുന്ന എല്ലാവരെയും പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.06.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 വാണിജ്യ കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം അനധികൃതമായി നിർമ്മാണം നടത്തി

ഫയൽ നം. എ4/1811/2020, തീ-12.03.2020 പ്രകാരം വാണിമേൽ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ റീ.സ നം. 121/403,404 ലെ 1.90 ആർ സ്ഥലത്ത്(താഴത്തെനില-91.24ച.മീ + ഒന്നാംനില-99.94ച.മീ= ആകെ 191.18 ച. മീ ) കൊമേഴ്സ്യൽ കെട്ടിടം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ശ്രീ.രതീഷ് മണങ്ങാട്ട്, നിട്ടുംപറമ്പ് എന്നയാൾ അപേക്ഷിച്ചിരുന്നു. അപേക്ഷയും അനുബന്ധ രേഖകളും പരിശോധിക്കുന്നതിനും സാങ്കേതിക പരിശോധനയ്ക്കുമായി 27.07.2020ന് എൽ.എസ്.ജി.ഡി സെക്ഷന് കൈമാറി. എൽ.എസ്.ജി.ഡി സെക്ഷൻ പരിശോധിച്ച് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഗ്രൗണ്ട് ഫ്ലോർ മാത്രമാണ് പൂർത്തീകരിച്ചിരിക്കുന്നതെന്നും ഫീൽഡ് തല അന്വേഷണത്തിൽ കെട്ടിടത്തിന് അനുബന്ധമായി പ്ലാൻ പ്രകാരമുള്ള ടോയിലറ്റ്, ഡിസേബിൾഡ് ടോയിലറ്റ് എന്നിവ നിർമ്മിച്ചിട്ടില്ല എന്നും 24.09.2020 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അപാകതകൾ പരിഹരിച്ചതായി അറിയിച്ചുകൊണ്ട് 14.10.2020 ന് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് 23.11.2020 ന് ഫീൽഡ് തല അന്വേഷണം നടത്തിയതിൽ താഴത്തെ നിലയിൽ രണ്ട് കെട്ടിട മുറികളും ഒരു ടോയിലറ്റും മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വാർഡ് ക്ലാർക്കിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം Partially Completion ആയ കെട്ടിടത്തിന് 7/417A(45.39ച.മീ), 7/417B(45.85ച.മീ) നമ്പർ അനുവദിക്കുകയും ചെയ്തു.

നമ്പറിംഗിന് ശേഷം ശ്രീ.രതീഷ് മണങ്ങാട്ട്, നിട്ടുംപറമ്പ് ഉടമസ്ഥതയിലുള്ള Partially Completion ആയ കെട്ടിടത്തിന്റെ സ്ഥല പരിശോധന 07.06.2022 ന് നടത്തിയപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29, പട്ടിക 10 പ്രകാരം, വാണിജ്യ കെട്ടിടങ്ങൾക്ക് 1200 ച.മീ വരെ തറ വിസ്തൃതിക്ക് ഓരോ 90 ച.മീ. തറ വിസ്തൃതിക്കും ഒരു പാർക്കിംഗ് എന്ന തോതിലും അതിൽ കവിഞ്ഞുള്ളതിന് ഓരോ 60 ച.മീ, തറ വിസ്തൃതിക്കും ഒരു പാർക്കിംഗ് എന്ന നിരക്കിലും പാർക്കിംഗ് ഒരുക്കേണ്ടതാണ്. അതായത് 191.18 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 3 കാർ പാർക്കിംഗ് സ്ഥലം ഒരുക്കേണ്ടതാണ്. അംഗീകരിച്ച പാർക്കിംഗ്, സൈറ്റ് പ്ലാനുകളിൽ 3 കാർ പാർക്കിംഗ് കാണിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ പാർക്കിംഗ്

സ്ഥലത്തും പ്രവേശനമാർഗ്ഗത്തിലും അനധികൃതമായി നിർമ്മാണം നടത്തിയതായി കണ്ടു. 7/417A(45.39ച.മീ) നമ്പർ കെട്ടിടത്തിൽ മദ്രാസ് കഫേ ഹോട്ടലും, 7/417B (45.85ച.മീ) കെട്ടിടത്തിൽ മോസ്കോ സൂപ്പർമാർക്കറ്റുമാണ് പ്രവർത്തിക്കുന്നത്. പ്ലാൻ പ്രകാരമുള്ള പാർക്കിംഗ് സ്ഥലത്തും പ്രവേശനമാർഗ്ഗത്തിലും 4.20 M X 15.30 M ഏരിയയിൽ ബേസ്മെന്റ് നിർമ്മാണം നടത്തി ഫ്ലോർ ടൈൽസ് പതിച്ചിട്ടുണ്ട്. കൂടാതെ ഗ്രിൽസ് ഇട്ട് അടച്ചുപൂട്ടുള്ള രീതിയിൽ നിർമ്മാണം നടത്തി വാണിജ്യാവശ്യത്തിനായി അനുമതിയില്ലാതെ ഉപയോഗപ്പെടുത്തുന്നതായും പരിശോധനയിൽ ബോധ്യപ്പെട്ടു. ഒരു കാർ പോലും മേൽ വാണിജ്യ കെട്ടിടത്തിനു മുമ്പിൽ പാർക്ക് ചെയ്യാൻ കഴിയാത്ത വിധമാണ് അനധികൃത നിർമ്മാണം നടത്തിയിരിക്കുന്നത്.

കെട്ടിടത്തിന് നമ്പർ നൽകിയശേഷം അനധികൃതമായി നിർമ്മാണം നടത്തിയത് ഫീൽഡ് പരിശോധനയിലൂടെയോ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് പിരിവ്, വസ്തുനികുതി പിരിവ് എന്നിവ നടത്തിയ അവസരങ്ങളിലോ റിപ്പോർട്ട് ചെയ്യപ്പെടാത്തത് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് ഉണ്ടായ വീഴ്ചയാണ്.

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃതമായി നിർമ്മാണം നടത്തിയ ഭാഗം പൊളിച്ചുമാറ്റി അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള പാർക്കിംഗ് ഏർപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു-നികുതി നഷ്ടം സംഭവിക്കുന്നു

വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 383 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ അപേക്ഷ നമ്പർ, അപേക്ഷകന്റെ പേര് | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|
| 67 ബേബി.ഇ.ടി | സർവീസ് സ്റ്റേഷൻ | 11/319 A | അന്നക്കുട്ടി, കുഴിവേലിൽ, വാണിമേൽ | പാർപ്പിടാവശ്യം |
| 68 അന്ത്രുഹാജി | അനാദി കച്ചവടം | 1/2,3,4 | മറിയം, കണിയോത്ത്, വാണിമേൽ | പാർപ്പിടാവശ്യം |
| 206 | സർവീസ് | 4/10 | ആലിഹസൻ ഹാജി, | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| അബ്ദുള്ള ഹാജി | സ്റ്റേഷൻ | | വാണിമേൽ, കോടിയൂർ | |
| 118 കണ്ണൻ.സി | സ്റ്റേഷനറി | 2/579 | കുമാരൻ, പാന്നന്റവിട, വാണിമേൽ | പാർപ്പിടാവശ്യം |
| 7 കുമാരൻ | പലചരക്ക് കച്ചവടം | 16/18 | - | ആരാധനാലയങ്ങൾ |
| 187 ഷാഹിദ | സർവീസ് സ്റ്റേഷൻ | 11/114 | - | ആരാധനാലയങ്ങൾ |
| 44 ബിനു.കെ.എൻ | ബാർബർ ഷോപ്പ് | 10/495 | കെട്ടിടം നിലവിലില്ല | |
| 170 അശോകൻ.കെ | ഇലക്ട്രോണിക്സ് റിപ്പയറിംഗ് | 6/777 | കെട്ടിടം നിലവിലില്ല | |
| 191 അബ്ദുൾ സലാം.കെ | പലചരക്ക് കച്ചവടം | 14/573 | കെട്ടിടം നിലവിലില്ല | |
| 195 കേളപ്പൻ | പലചരക്ക് കച്ചവടം | 2/148 | കെട്ടിടം നിലവിലില്ല | |

ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്ന രേഖപ്പെടുത്തിയിരിക്കുന്നു. പല ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാവുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

### 1-11 ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ

വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 ഓഡിറ്റിന്റെ ഭാഗമായി ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I) കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കുന്നു

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള 2018 ലെ ഭേദഗതി നിയമത്തിലെ ചട്ടം 7 ലെ പട്ടിക II പ്രകാരം ഉത്പാദനമേഖലയിൽ 25 ലക്ഷത്തിൽ കൂടാത്തതും, സേവന മേഖലയിൽ 10 ലക്ഷത്തിൽ കൂടാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് 500/- രൂപയാണ്. എന്നാൽ അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുള്ളതായി ബോദ്ധ്യപ്പെട്ടു.

ആകെ 383 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കുകയോ/പുതിയ ലൈസൻസ് എടുക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ ഒരു സ്ഥാപനത്തിന് 100 രൂപയും, 96 സ്ഥാപനങ്ങൾക്ക് 200/- രൂപാ വീതവും, 29 സ്ഥാപനങ്ങൾക്ക് 300/- രൂപാ വീതവും, 3 സ്ഥാപനങ്ങൾക്ക് 400/- രൂപാ വീതവും ആണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ഫീ കുറച്ച് ഈടാക്കിയതുമൂലം ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2018 ലെ ചട്ടം പട്ടിക II-ൽ നിഷ്കർഷിക്കുന്നതിൽ നിന്നും വ്യത്യസ്തമായ തുക ലൈസൻസ് ഫീസായി ഈടാക്കിയതിൽ വിശദീകരണം നൽകേണ്ടതാണ്.

II) ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2013 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2020-21 വർഷത്തിൽ വാണിമേൽ ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 135 ആണ്. അതായത് 1878 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ടെന്ന് അനുമാനിക്കാം. ഓഡിറ്റ് വർഷത്തെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 383 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട എഫ്.ടി.ഇ & ഒ.എസ് ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 740 ആണ്. അതായത് നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് കരുതേണ്ടിയിരിക്കുന്നു. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്.

കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-12 റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക

2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തേണ്ടതാണ്. അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകളും വർദ്ധനവുകളും വരുത്തേണ്ടതില്ല.

വാണിമേൽ ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, നമ്പറിംഗ് ഫയലുകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ നികുതി നിർണ്ണയം എന്നിവ പരിശോധിച്ചപ്പോൾ താഴെപറയുന്ന വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് രേഖപ്പെടുത്താത്തതായി കണ്ടു.

I)

| | |
|---|---|
| ഫയൽ നമ്പർ | A4/4646/20, തീ-21.10.2020 |
| ഉടമസ്ഥന്റെ പേര്, വിലാസം | മൊയ്തു ഹാജി, അത്രുക്കണ്ടിൽ , വാണിമേൽ |
| പെർമിറ്റ് നമ്പർ | A4/2311/20, തീ-17.06.2020 |
| റീ.സ നമ്പർ | 3/38 |
| വില്ലേജ് | വാണിമേൽ |
| മേഖല | ദ്വിതീയം |
| പ്ലോട്ട് ഏരിയ | 28.01 ആർസ് |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 1/125 A, 1/125 B, 1/125 C |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് (ച.മീ) | 40 |

എൽ.എസ്.ജി.ഡി അംഗീകരിച്ച സൈറ്റ് പ്ലാൻ, സർവീസ് പ്ലാൻ പ്രകാരം 6 മീറ്റർ വീതിയുള്ള ഓലിയോട്ട് പീടിക കാപ്പ് റോഡിൽ നിന്നാണ് മേൽ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഓലിയോട്ട് പീടിക കാപ്പ് റോഡിനെ അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ ചുമത്തേണ്ട 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(ഇളവ് - 10% മേഖല) | യഥാർത്ഥത്തിൽ 40 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി(ഇളവ് - 10% മേഖല, വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 1/125 A | 17.05 $M^2$, താഴത്തെ നില വാണിജ്യം | 614 + 31 (5% LC) = 645 | 751 + 38 (5% LC) = 789 |
| 1/125 B | 17.05 $M^2$, താഴത്തെ നില വാണിജ്യം | 614 + 31 (5% LC) = 645 | 751 + 38 (5% LC) = 789 |
| 1/125 C | 17.05 $M^2$, താഴത്തെ നില വാണിജ്യം | 614 + 31 (5% LC) = 645 | 751 + 38 (5% LC) = 789 |
| ആകെ | | 1842 + 93 (5% LC) = 1935 | 2253 + 114 (5% LC) = 2367 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (2253 + 114 ) - (1842 + 93)<br>411 + 21 (5% LC) = 432 | | | |

li)

| | |
|---|---|
| ഫയൽ നമ്പർ | A4/373/21, തീ-14.01.2021 |

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | കുഞ്ഞബ്ദുള്ള, മൂസ, സാജിദ, മണ്ണോൽ, പുതുക്കയം, നെടുംപറമ്പ് |
| പെർമിറ്റ് നമ്പർ | A4-BA(38510)/2021, തീ-15.02.2021 |
| റീ.സ നമ്പർ | 141/64, 141/49 |
| വില്ലേജ് | വാണിമേൽ |
| മേഖല | ദ്വിതീയം |
| പ്ലോട്ട് ഏരിയ | 6.86 ആർസ് |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 11/303 B, 11/303 C |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 40 |

മേൽ കെട്ടിടത്തിന്റെ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ, സർവീസ് പ്ലാൻ പ്രകാരം 10 മീറ്റർ വീതിയുള്ള വിലങ്ങാട് റോഡിൽ നിന്നാണ് മേൽ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പുതുക്കയം വിലങ്ങാട് റോഡിനെ അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ അടിസ്ഥാന വസ്തുനികുതിക്ക് മേൽ ചുമത്തേണ്ട 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(ഇളവ് - 10% മേഖല) | യഥാർത്ഥത്തിൽ 40 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി(ഇളവ് - 10% മേഖല, വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 11/303 B | 23.02 $M^2$, താഴത്തെ നില വാണിജ്യം | 829 + 42 (5% LC) = 871 | 1013 + 51 (5% LC) = 1064 |
| 11/303 C | 26.06 $M^2$, താഴത്തെ നില വാണിജ്യം | 939 + 47 (5% LC) = 986 | 1147 + 58 (5% LC) = 1205 |

| | | |
|---|---|---|
| ആകെ | 1768 + 89 (5% LC) = 1857 | 2160 + 109 (5% LC) = 2269 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (2160 + 109 ) - (1768 + 89)<br>392 + 20 (5% LC) = 412 | | |

സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം കൃത്യമല്ലെന്നാണ് മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നത്. കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും വർദ്ധനവുകളും നൽകുന്നതിൽ സ്ഥാപനം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. 2011ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുനപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന മാർഗമെന്ന നിലയിൽ കെട്ടിടനികുതി കണക്കാക്കുന്നതിലെ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് കുറവ് വന്ന നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണയം പുന പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

## 1-13 ബഡ്സ് സ്കൂളിൽ അനുബന്ധകെട്ടിടത്തിന്റെ നിർമ്മാണം എങ്ങുമെത്തിയില്ല- അസൗകര്യങ്ങളിൽ വീർപ്പ് മുട്ടി കുട്ടികൾ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ബഡ്സ് സ്കൂൾ അനുബന്ധകെട്ടിട നിർമ്മാണം<br>(പ്രോജക്റ്റ് നം.167/2020-21) |
| കോൺട്രാക്ടറുടെ പേര് | ശ്രീ. നാസർ എ.കെ |

| | |
|---|---|
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ അവാർഡ്-5,00000/- |
| ചെലവ് | 4,71,796/- |
| കരാർ | 69/AE/Lsgd/VNML/2019-20/19.05.2020 |
| അളവ് പുസ്തകം | 300/20-21 |

07.02.2018- ലെ സ.ഉ(എം.എസ്)നം.20/2018/തസ്വഭവ ഉത്തരവിൽ ബഡ്സ് സ്കൂളുകൾക്ക് പൊതുവായി വേണ്ട അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഓഡിയോ മുറി, ഫിസിയോതെറാപ്പി മുറി, ഒക്ക്യുപേഷണൽ തെറാപ്പി മുറി, കൗൺസിലിംഗ് മുറി, വൊക്കേഷണൽ പരിശീലന മുറി എന്നിവ ബഡ്സ് സ്കൂളിന് ആവശ്യമാണ്. കൂടാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ശുചിമുറിയും വേണ്ടതാണ്. എന്നാൽ നിലവിൽ കെട്ടിടത്തിൽ ഒരു മുറി,അടുക്കള, ഒരു ശുചിമുറി എന്നിവ മാത്രമേയുള്ളൂ. മെയിൻ കെട്ടിടത്തിന്റെ ഒരു വശത്ത് ഷീറ്റിട്ട ഭാഗമാണ് ഡൈനിംഗ് ഹാൾ ആയി ഉപയോഗിക്കേണ്ടത്. അവിടെ ടൈൽ വിരിക്കൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല. കെട്ടിടത്തിന്റെ മുൻഭാഗത്ത് ഷീറ്റിട്ട് ഗ്രിൽ വർക്ക് ചെയ്ത ഭാഗമാണ് നിലവിൽ ക്ലാസ്സ് മുറിയായി ഉപയോഗിക്കുന്നതെന്ന് പഞ്ചായത്ത് അധികൃതരോടൊപ്പം 07.06.2022-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. വേനൽകാലത്ത് ഷീറ്റിന്റെ ചൂടും കൊണ്ടും മഴകാലത്ത് മഴ ചാറൽ അടിച്ചും കുട്ടികൾ ബുദ്ധിമുട്ടുന്ന അവസ്ഥയാണ് നിലവിലുള്ളത്. കുടുംബശ്രീ മിഷൻ ഫണ്ട് ഉപയോഗിച്ച് 2021-22-ൽ വാങ്ങിയ ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും കുട്ടികൾക്ക് യഥാവിധി ഉപയോഗിക്കുന്നതിനും സ്ഥല പരിമിതി മൂലം സാധിക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. ഫിസിയോതെറാപിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടില്ല.

ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നതിലേക്കായി നിലവിലെ കെട്ടിടത്തോട് ചേർന്ന് ഒരു ഹാൾ, അടുക്കള സൗകര്യം എന്നിവ നിർമ്മിക്കുന്നതിനായി സ്ട്രക്ച്ചർ വർക്ക് നടത്തുന്നതിനായാണ് 2019-20- ൽ 10,00000/-രൂപ വകയിരുത്തി അനുബന്ധകെട്ടിടം നിർമ്മാണം എന്ന പദ്ധതി ആവിഷ്കരിച്ചത്. നിർദ്ദിഷ്ട സ്ഥലത്ത് നിലവിലുള്ള ഫൗണ്ടേഷൻ ബീം ഉപയോഗപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. ഇതിന്റെ രണ്ടാം ഘട്ട പ്രവൃത്തിക്ക് അടുത്ത വർഷം ഉൾപ്പെടുത്താനും തീരുമാനിച്ചു. എന്നാൽ 2019-20-ൽ പ്രവൃത്തികളൊന്നും നടന്നില്ല. പിന്നീട് നിലവിലുള്ള ഫൗണ്ടേഷൻ ബീമിന് ഉറപ്പ് കുറവുള്ളതിനാൽ അത് ഒഴിവാക്കി എസ്റ്റിമേറ്റ് പുതുക്കുവാൻ തീരുമാനിച്ചു (ഭരണസമിതി തീരുമാനം.39/2021(5) / 16.02.2021) . ലിന്റൽ വരെയുള്ള പ്രസ്തുത പ്രവൃത്തിക്കായി 10,00000/- രൂപ വകയിരുത്തി ശ്രീ.നാസർ കെ എന്ന കരാറുകാരനുമായി 19.05.2020-ന് കരാറിലേർപ്പെട്ടു. നിലവിൽ തറയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അളവ് പുസ്തകം നം.300/20-21 പ്രകാരം 10.02.2021- ന് തുടങ്ങിയ പ്രവൃത്തി 27.03.2021-നാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തി മൂല്യം-4,21,247/- രൂപയാണ്. പഞ്ചായത്തുമായി ഏർപ്പെട്ട കരാർ പ്രകാരം ലിന്റൽ വരെയുള്ള പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. 2020-21 വർഷത്തേക്ക് ബഹുവർഷ പ്രൊജക്റ്റിന്റെ 2019-20 വർഷത്തെ ഉപയോഗിക്കാത്ത ഭാഗം ക്യാരിഓവർ ചെയ്തു ലഭിച്ചിട്ടില്ലാത്തതിനാൽ ഭരണസമിതിയുടെ 5/125/2020(2)/28.10.2020 പ്രകാരം പദ്ധതിക്കായി പകുതി തുക മാത്രം വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറോട് നിർദ്ദേശിച്ചു. തുടർന്ന് കരാറുകാരൻ 27.03.2021-ന് തറയുടെ പ്രവൃത്തി പൂർത്തീകരിച്ചു.

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 07.06.2022-ന് നടത്തിയ സ്ഥല പരിശോധനയിൽ തുടർ പ്രവൃത്തികളൊന്നും നാളിതുവരെ നടത്തിയതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 14,85,165/- രൂപയുടെ അടങ്കൽ തയ്യാറാക്കി 94/2021-22 നമ്പർ കരട് പദ്ധതി തയ്യാറാക്കിയെങ്കിലും പദ്ധതിക്ക് സാങ്കേതിക അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. 2019-20-ൽ ആവിഷ്കരിച്ച പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് മൂലമാണ് പദ്ധതിയുടെ അടങ്കലിൽ വർദ്ധന വരുത്തേണ്ടി

വന്നിട്ടുള്ളത്. സമൂഹത്തിന്റെ കരുതലും പിന്തുണയും വളരെയധികം ആവശ്യമുള്ള ബഡ്സ് സ്കൂൾ കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനും അനുയോജ്യമായ ക്ലാസ്സ് മുറി ഒരുക്കുന്നതിനും സ്ഥലപരിമിതി വിലങ്ങുതടിയായി നിൽക്കുന്ന അവസ്ഥയിൽ കെട്ടിടനിർമ്മാണം അനന്തമായി നീട്ടികൊണ്ടുപോകുന്നത് ഒട്ടും അഭിലഷണീയമല്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

## 1-14 ടേക്ക് -എ-ബ്രേക്ക് വിശ്രമ കേന്ദ്രം കെട്ടിട നിർമ്മാണം-നിയമക്കുരുക്കിൽ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ടേക്ക് -എ-ബ്രേക്ക് വിശ്രമകേന്ദ്രം കെട്ടിട നിർമ്മാണം (പ്രോജക്ട് നം.249/2020-21) |
| കോൺട്രാക്റ്ററുടെ പേര് | ശ്രീ. സുധീർ വി.കെ ,പ്രസിഡന്റ്,നാദാപുരം പ്രവാസി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| അടങ്കൽ തുക | ശുചിത്വമിഷൻ ഗ്രാന്റ്-8,00000/- |
| ചെലവ് | 0 |
| കരാർ | 18/AE/LID&EW/VNML/20-21/04.01.2022 |

കേരളം അഭിമുഖീകരിച്ച പ്രകൃതി ദുരന്തങ്ങളെ മറികടക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകി ഏറ്റെടുക്കേണ്ട പദ്ധതികൾ സംബന്ധിച്ച് സ.ഉ(കൈ) നം.45/2020/ തസ്വഭവ തീയതി 06.03.2020 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. അതിൽ നാലാമത്തേതാണ് പൊതു ടോയ് ലറ്റുകളും ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും സ്ഥാപിക്കുക എന്നത്. പൊതുജനങ്ങൾക്ക് ഉപയോഗിക്കത്ത വിധത്തിൽ ഗ്രാമപഞ്ചായത്തിൽ ഒരു ടേക്ക് -എ-ബ്രേക്ക് വിശ്രമകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. അവിടെ വിശ്രമസ്ഥലം, കുടിവെള്ളം, നാപ്കിൻ വെൻഡിങ്ങ് എന്നീ സൗകര്യങ്ങൾ ഉണ്ടാകേണ്ടതാണ്. ഇതിന്റെ നടത്തിപ്പ് ചുമതല കുടുബശ്രീക്കാണ്.

പഞ്ചായത്ത് ഭൂമിവാതുക്കലിൽ ടൗണിനോട് ചേർന്ന സ്ഥലത്ത് ടാക്സി സ്റ്റാൻഡിന് സമീപം ടേക്ക് -എ-ബ്രേക്ക് വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ടെണ്ടർ നടപടി സ്വീകരിച്ച് പ്രവൃത്തി ശ്രീ. സുധീർ വി.കെ , പ്രസിഡന്റ്, നാദാപുരം പ്രവാസി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി-യെ ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ തറയുടെ കല്ല് കെട്ട് പ്രവൃത്തി നടത്തി വരവെ ഭൂമിവാതുക്കൽ എം.എൽ.പി സ്കൂൾ മാനേജർ ശ്രീ.കെ അമ്മത് പ്രവൃത്തി നടത്തിപ്പിനെതിരെ ബഹു.കേരള ഹൈക്കോടതിയെ സമീപിക്കുകയും മൂന്നാഴ്ച്ചത്തേക്ക് നിലവിലെ സ്ഥിതി തുടരണമെന്ന് Wp(c) 8021/2020(c)-യിൽ 10.03.2022-ന് കോടതി ഉത്തരവിടുകയും ചെയ്തു. കേസ്സിലെ മൂന്നാമത്തെയും നാലാമത്തെയും എതിർ കക്ഷികൾ വാണിമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്. കേസ് 22.03.2022-നോ അതിനുശേഷമോ ഉള്ള ഒരു തീയതിയിലേക്ക് പോസ്റ്റ് ചെയ്യുകയും ഒരു മാസത്തിനുള്ളിൽ സത്യവാങ്മൂലം ഫയൽ ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. നിർദ്ദിഷ്ട സ്ഥലത്ത് കെട്ടിടത്തിന്റെ ഫൗണ്ടേഷന്റെ പണി പാതി വഴിയിൽ നിൽക്കുന്നതായി 07.06.2022-ന് പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി.

നിർദ്ദിഷ്ട കെട്ടിടം തൊട്ടടുത്ത സ്കൂളിൽ നിന്നും അവിടത്തെ കുഴൽകിണറിൽ നിന്നും നിയമാനുസൃത അകലം പാലിക്കാതെയാണ് പണിയുന്നതെന്നും അത് സ്കൂളിലെ കുട്ടികൾക്കും സ്കൂളിന്റെ നിലനിൽപ്പിനു തന്നെ കാര്യമായ തടസ്സമുണ്ടാക്കുന്നതെന്നുമാണ് ഭൂമിവാതുക്കൽ എം.എൽ.പി സ്കൂൾ മാനേജർ ശ്രീ.കെ

അമ്മത് ബഹു.കേരള ഹൈക്കോടതിയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. പഞ്ചായത്ത് കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ കെട്ടിടം നിയമാനുസൃതമായാണ് നടത്തുന്നതെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. സത്യവാങ്മൂലം എന്നാണ് ഫയൽ ചെയ്തതെന്ന് വ്യക്തമല്ല. പഞ്ചായത്ത് കേസ്സ് കോടതിയിൽ വാദിക്കുന്നതിനായി ശ്രീ.ബാലകൃഷ്ണൻ യു.പി എന്നവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി-14/2020-21/ 08.06.2022-ന് മറുപടി ലഭ്യമാക്കിയില്ല. കേസിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കേണ്ടതാണ്. പൊതുജനങ്ങൾക്ക് വളരെയധികം ഉപകാരപ്പെടുന്ന ടേക്ക് -എ-ബ്രേക്ക് വിശ്രമകേന്ദ്രം നിയമാനുസൃതമായാണ് നിർമ്മിക്കുന്നതെന്നും അത് വൃത്തിയായി സൂക്ഷിക്കുമെന്നും ഉറപ്പു നൽകി ഇക്കാര്യം ബഹു.കേരള ഹൈക്കോടതിയെയും സ്കൂൾ അധികൃതരെയും ബോധ്യപ്പെടുത്തി കേസ് നടപടികൾ അവസാനിപ്പിച്ച് നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.

## 1-15 ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച എം.സി.എഫ് ഉപയോഗിക്കുന്നില്ല-പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ മാലിന്യം കൂട്ടിയിട്ടിരിക്കുന്നു.

മാലിന്യ സംസ്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള ഹരിത കേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിലായി കെട്ടിട നിർമ്മാണത്തിനും വൈദ്യുതീകരണത്തിനുമായി 8,17,389/- രൂപ മുതൽമുടക്കി പരപ്പപാറയിൽ നിർമ്മിച്ച എം.സി.എഫ് സെന്റർ ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുന്നതായി 07.06.2022-ന് പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. നിലവിൽ എം.സി.എഫ് കെട്ടിടം കാടുകേറി കിടക്കുന്ന അവസ്ഥയിലാണ്. അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കുവാനുള്ള പരിമിതമായ സൗകര്യം മാത്രമേ അവിടെയുള്ളൂ. ഹരിതകർമ്മസേന പ്രവർത്തകർക്കുള്ള ഓഫീസ്, ശുചിമുറി എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും കുടിവെള്ള സ്രോതസ്സ് ഒരുക്കിയിട്ടില്ല. തീപ്പിടുത്ത മുൻകരുതൽ സംവിധാനങ്ങൾ അവിടെ ഒരുക്കിയിട്ടില്ല. എം.സി.എഫ്-ൽ പരിമിതമായ സൗകര്യങ്ങളെ ലഭ്യമായിട്ടുള്ളൂവെങ്കിലും അത് പോലും ഉപയോഗപ്പെടുത്താതെയാണ് അജൈവ മാലിന്യങ്ങൾ തരം തിരിച്ചും അല്ലാതെയും പഞ്ചായത്ത് ഓഫീസ്, ഹോമിയോ ആശുപത്രി, ആയുർവേദ ആശുപത്രി, കൃഷിഭവൻ, അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം എന്നിവ സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിനകത്ത് ടാർപായ കെട്ടിയും അല്ലാതെയും കൂട്ടിയിട്ടിരിക്കുന്നത്. എം.സി.എഫ് തുറന്ന് പ്രവർത്തിക്കുന്നതിന് പ്രദേശവാസികളുമായി ചർച്ച നടത്താൻ 18.01.2021-ലെ 05/2021(1) -പ്രകാരം ഭരണസമിതി തീരുമാനിച്ചതായി കാണുന്നുവെങ്കിലും ചർച്ച നടത്തിയോയെന്ന് വ്യക്തമല്ല. നിലവിലും അത് അടഞ്ഞു കിടക്കുകയാണ്. അജൈവമാലിന്യം യഥാസമയം നീക്കം ചെയ്യാതിരിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടവരുത്തും. പഞ്ചായത്ത് കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്ന അജൈവമാലിന്യവും വേർതിരിച്ച പ്ലാസ്റ്റിക്കും ക്ലീൻകേരള കമ്പനി യഥാസമയം കൊണ്ടുപോകുന്നില്ല. മാലിന്യം യഥാസമയം നീക്കം ചെയ്യാത്തതുമൂലം വാർഡുകളിലെ മാലിന്യനീക്കവും തടസ്സപ്പെടാൻ സാധ്യതയുണ്ട്. ഈ ദുരവസ്ഥയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി-11/2020-21/ 08.06.2022-ന് മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യവും വേർതിരിച്ച പ്ലാസ്റ്റിക്കും അടിയന്തിരമായി നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനി മുഖാന്തിരം നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പരപ്പപാറയിൽ നിർമ്മിച്ച എം.സി.എഫ്-ൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും വേർതിരിക്കുന്നതിനുള്ള ഇടമായി ഉപയോഗപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അജൈവമാലിന്യസംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനും ഭക്ഷണാവശിഷ്ടങ്ങൾ കലരാത്ത വൃത്തിയുള്ള പ്ലാസ്റ്റിക്ക് എം.സി.എഫ്-ൽ എത്തിക്കുന്നതിലേയ്ക്കായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. അജൈവ മാലിന്യങ്ങൾ കത്തിക്കുന്നവർക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമാനുസൃത

നടപടികൾ സ്വീകരിക്കേണ്ടതാണ്. എം.സിഎഫ് പ്രവർത്തിക്കുന്നത് മൂലം പ്രദേശവാസികൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ലായെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി മാലിന്യം കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അപ്രകാരം നടപടി സ്വീകരിച്ച് പ്രദേശവാസികളെ വിശ്വാസത്തിലെടുത്തും അവരുടെ ആശങ്ക അകറ്റിയും എം.സി.എഫ് തുറന്ന് പ്രവർത്തിക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവഴി ലക്ഷക്കണക്കിന് രൂപ മുടക്കി നിർമ്മിച്ച പൊതുമുതൽ ഉപയോഗപ്പെടുത്തുവാനും സാധിക്കുന്നതാണ്.

1-16 കുങ്കൻ നിരവ് കുടിവെള്ള പദ്ധതിക്കായി കിണർനിർമ്മിച്ച് മൂന്ന് വർഷത്തിലേറെയായിട്ടും പദ്ധതി പ്രാവർത്തികമായില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കുങ്കൻ നിരവ് കുടിവെള്ള പദ്ധതി(പ്രോജക്ട് നം.215/2020-21) |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ അവാർഡ്-25,78,0000/- |
| ചെലവ് | 0 |

കുങ്കൻ നിരവ് കുടിവെള്ള പദ്ധതിക്കായി 25,78,0000/- രൂപ ധനകാര്യ കമ്മീഷൻ അവാർഡ് വകയിരുത്തിയെങ്കിലും നാളിതുവരെ യാതൊരു പ്രവൃത്തിയും നടത്തിയില്ല. പ്രൊജക്ട് നം. 222/18-19 -ൽ ഉൾപ്പെടുത്തി 5,78,833/- രൂപ മുടക്കി 15.01.2019-ന് കിണർ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും മൂന്ന് വർഷത്തിലേറെയായി യാതൊരു തുടർ പ്രവൃത്തിയും നടത്താത്തതിനാൽ കിണർ നിർമ്മാണം കൊണ്ട് യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. നിലവിൽ ഒരു വീട്ടുകാർ കിണറിൽ നിന്ന് മോട്ടോർ വെച്ച് വെള്ളം എടുക്കുന്നതായി 07.06.2022-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി-13/2020-21/ 08.06.2022-ന് മറുപടി ലഭ്യമാക്കിയില്ല.

കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ജൽജീവൻ പദ്ധതിയിൽ കുടിവെള്ള കണക്ഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾ ഈ പദ്ധതിയിൽപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കുങ്കൻ നിരവ് കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-17 ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനരഹിതം

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പൊടിച്ച് ടാറിൽ ചേർക്കാൻ പറ്റുന്ന വിധത്തിൽ സംസ്കരിച്ച് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് കോമ്പൗണ്ടിനകത്ത് 2013-ൽ സ്ഥാപിച്ച പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് നിലവിൽ പ്രവർത്തനരഹിതമാണെന്ന് 07.06.2022-ന് പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ടാറിൽ ചേർക്കാൻ പറ്റുന്ന വിധത്തിൽ പ്ലാസ്റ്റിക്ക് സംസ്കരിച്ച് മറ്റ് പഞ്ചായത്തുകൾക്ക് നൽകുന്ന കോഴിക്കോട് ജില്ലയിലെ ഏക പഞ്ചായത്താണ് വാണിമേൽ പഞ്ചായത്ത് എന്നും ഇതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണമെന്നും 2020-21- ലെ അവസ്ഥാരേഖ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നിലവിൽ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യന്ത്രത്തിനു മാത്രം 2,98,900/- രൂപ വില വരുന്നുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി-12/2020-21/ 08.06.2022-ന് മറുപടി ലഭ്യമാക്കിയില്ല. മാലിന്യ സംസ്കരണത്തോടൊപ്പം പ്ലാസ്റ്റിക്കിനെ മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി മാറ്റുക, ടാറിന്റെ ഉപയോഗം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നിർമ്മിച്ച യൂണിറ്റ് നിഷ്ക്രിയ ആസ്തിയായി മാറാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം-172/20-21

അടങ്കൽ -350000/-

ചെലവ് -350000/- (ബിൽ-51/28-20)

ഓഡിറ്റ് വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയിൽ 14 സോളാർ തെരുവുവിളക്കുകൾ സ്ഥാപിച്ച ഇനത്തിൻ ബിൽ നം-OVO-26/30-3-20 പ്രകാരം 350000/- രൂപ സെക്രട്ടറി ഒവോനിക്സ് കമ്പനിക്ക് നൽകിയിട്ടുണ്ട്. സ്ഥാപിച്ച തെരുവ് വിളക്കുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട് എന്ന മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 20 വാട്ട് സോളാർ സ്ട്രീറ്റ് ലൈറ്റുകൾക്ക് 3 വർഷ വാറണ്ടിയും 2 വർഷ എ.എം.സി- യുമാണ് കമ്പനി ടെണ്ടറിൽ ഓഫർ ചെയ്തിരുന്നത്. എന്നാൽ 9-3-21 ലെ എ8-1638/2021 കത്ത് പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളിൽ അഞ്ച് വാർഡുകളിലായി ഏഴെണ്ണം പ്രവർത്തനരഹിതമായതായി കമ്പനിയെ അറിയിക്കുകയും ആയത് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പിന്നീട് 26-4-21,7-6-21 തീയതികളിലും സ്ഥാപിച്ച തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കു ന്നതിനായി കത്തയച്ചിട്ടും നാളിതുവരെയായും തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പദ്ധതിനടത്തിപ്പ്കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം നേടാൻ കഴിയാതെ പോയതായി ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥാപിച്ച നൽകിയ സോളാർ തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കാത്ത കമ്പനിക്കെതിരെ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-19 പ്ളാസ്റ്റിക്ക് മാലിന്യശേഖരണം നീക്കം ചെയ്യൽ പദ്ധതി-മാലിന്യങ്ങളുടെ അളവ് കണക്കാക്കാതെ ക്ളീൻ കേരളകമ്പനിക്ക് തുകനൽകി .**

പ്രോജക്ട് നം-42/20-21

ചെലവ് -296812/-

നിർവ്വഹണം-വി.ഇ.ഒ

വാണിമേൽ ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലെയും സ്ഥാപനങ്ങളിലെയും കടകളിലെയും ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് അജൈവ മാലിന്യങ്ങൾ ഇനം തിരിച്ചശേഷം മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കയറ്റി അയക്കുന്നതിനാണ് പദ്ധതി. പദ്ധതിചെലവ് പരിശോധിച്ചതിൽ മാലിന്യം നീക്കം ചെയ്യൽ, ഹരിതകർമ്മ സേനയ്ക്ക് ഉപകരണങ്ങൾ, യൂണിഫോം എന്നിവ നൽകൽ എന്നീ പ്രവർത്തനങ്ങളാണ് നടത്തിയത്. ക്ലീൻ കേരളാ കമ്പനി ലിമിറ്റഡിന്റെ 1/08/20 ലെ SEP 0221 ഇൻവോയ്സ് പ്രകാരം 7620 കിലോ നോൺ ബയോഡീഗ്രേഡബിൾ വേസ്റ്റ് കളക്ഷൻ കൊണ്ട് പോയ ഇനത്തിൽ കിലോക്ക് പത്ത് രൂപ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ ആകെ 90678/-രൂപ കമ്പനിക്ക് നൽകിയിട്ടുണ്ട് (ടി.എസ്.ബി ചെക്ക് നം-0611607 തീയ്യതി-26-2-21). കമ്പനി നീക്കം ചെയ്ത മാലിന്യങ്ങളുടെ അളവ് പരിശോധിച്ചതിൽ കുറ്റ്യാടി വെയ്ബ്രിഡ്ജ് എന്ന സ്ഥാപനത്തിൽ നിന്നുള്ള 15-06-21 ലെ 12:47:11 PM നുള്ള Sl No -9821 ബിൽ പ്രകാരം മാലിന്യം കൊണ്ടുപോയ KL18T-7846 വാഹനത്തിന്റെ മാലിന്യമടക്കമുള്ള തൂക്കം 3120 കിലോയും, 5:36:52 PM നുള്ള Sl No-9841 ബിൽ പ്രകാരം കൊണ്ട് മാലിന്യം കൊണ്ടുപോയ വാഹനത്തിന്റെ മാലിന്യമടക്കമുള്ള തൂക്കം 3200 കിലോയുമാണ്. 8-5-20 ലെ Sl No -8516 പ്രകാരമുള്ള അതേ വാഹനത്തിന്റെ തൂക്കം മാത്രം 2040 കിലോയുമാണ്. ഇതിൽ നിന്നും ക്ലീൻ കേരള കമ്പനി കൊണ്ടുപോയിരിക്കുന്നത് ആകെ 2240 കിലോ വേസ്റ്റ് മാത്രമാണ്.

എന്നാൽ കമ്പനിക്ക് 7620 കിലോ വേസ്റ്റ് കൊണ്ടുപോയതിനാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക നൽകിയിരിക്കുന്നത്. 5380 കിലോ വേസ്റ്റ് കൊണ്ടുപോയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല . ആയത് ലഭ്യമാക്കേണ്ടതാണ്. കൃത്യമായ തൂക്കത്തിന്റെ അടിസ്ഥാനത്തിലല്ലാതെ നൽകിയ 53800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-20 എസ്.ടി ഭവന നിർമ്മാണം/വാസയോഗ്യമാക്കൽ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ല.**

1-ഭവനം വാസയോഗ്യമാക്കൽ എസ്.ടി വകയിരുത്തിയ ഫണ്ട് മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞില്ല.

ഓഡിറ്റ് വർഷം സ്പിൽ ഓവറായി വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം-143/20-21 പദ്ധതിയിൽ നാല് എസ്.ടി ഗുണഭോക്താക്കൾക്ക് 150000/-രൂപ വീതം 600000 രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ കുഭ നടുവിൽ പുരയിൽ, ചന്തു.കെ.പി, ജയൻ.ടി.കെ എന്നിവർക്ക് ഭവനം വാസയോഗ്യമാക്കിയതിന് 150000 രൂപ വീതം 450000 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി ഭരണസമിതി എട്ടുപേരുടെ ലിസ്റ്റ് ആണ് അംഗീകരിച്ച് നൽകിയിരുന്നത്. ഇതിൽ രണ്ട് പേർ മറ്റ് കാരണങ്ങളാൽ ധനസഹായം ആവശ്യമില്ലെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃലിസ്റ്റിൽ ഉള്ള മൂന്ന് പേർ കൂടെ സഹായം ആവശ്യമായി ഉണ്ടായിരിക്കെ പദ്ധതിക്കായി വകയിരുത്തിയ തുകയിൽ 150000/-രൂപ (100000-വികസനഫണ്ട്, 50000-ടി.എസ്.പി ഫണ്ട്) വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെടുന്നതിനിടയാക്കി.

2-എസ്.ടി ലൈഫ് ഭവനപദ്ധതിയിൽ ഒന്നാംഗഡു ധനസഹായം നൽകിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

2020-21 വർഷം എസ്.ടി ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ (പ്രോജക്ട് നം-45/20-21) ഒന്നാംഗഡു ധനസഹായം നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും തുടർ ഗഡുക്കൾ കൈപ്പറ്റുകയോ ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | റീന.കെ.W/O കുമാരൻ | 40000 |
| 2 | ജിൻഷ .കെ.ഡി W/O വിനീശൻ | 40000 |
| 3 | വിജിന എൻ W/O വിജിത്ത് | 40000 |
| 4 | അനുഷ W/O ശ്രീജിത്ത് | 40000 |
| 5 | സജിന.സി.പി W/O റിനീഷ് | 40000 |

സമൂഹത്തിലെ ഏറ്റവും പരിഗണിക്കപ്പെടേണ്ട വിഭാഗക്കാർക്കായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾക്കായി വകയിരുത്തിയ തുകകൾ പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാതെയും, പദ്ധതികളിൽ ഭാഗികമായി ധനസഹായം മാത്രം നൽകി പദ്ധതികൾ പൂർത്തീകരിക്കപ്പെടാതെയും പോകുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

1-21 സുഭിക്ഷകേരളം -കരനെൽകൃഷി വ്യാപനം കൂലിചെലവ് പദ്ധതി പ്രകാരമല്ലാതെ സബ്സിഡി അനുവദിച്ചു.

പ്രോജക്ട് നം-168/20-21

അടങ്കൽ -240000

ചെലവ് -239863

14.1176 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യമിട്ടത്. ഇതിനായി ഹെക്ടറിന് 17000 രൂപ നിരക്കിൽ 240000 രൂപയാണ് വകയിരുത്തിയത്. എന്നാൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് സെന്റിന് 102.2 രൂപ നിരക്കിലാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. 29/05/2020 ലെ സ.ഉ (സാധാ)നം.1009/2020 തസ്വഭവ 'സുഭിക്ഷകേരളം' സംബ്സിഡി മാർഗ്ഗരേഖയിൽ വരുത്തിയ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും പ്രകാരം തരിശ് നെൽകൃഷിക്ക് അനുവദിക്കാവുന്ന ധനസഹായം ഹെക്ടറിന് 40000 രൂപയും (കർഷകന്-35000, ഉടമക്ക്-5000), സ്ഥിരം കൃഷിക്ക് അനുവദിക്കാവുന്ന പരമാവധി സഹായം ഹെക്ടറിന് 22000 രൂപയുമാണ്. എന്നാൽ മേൽ മാനദണ്ഡങ്ങൾ പാലിച്ചല്ല തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ കൂലിചെലവ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. ഗുണഭോക്താക്കൾ ഹാജരാക്കിയ സ്ഥലമുടമകളിൽ നിന്നുള്ള ഭൂനികുതി രസീത് പ്രകാരമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷിചെയ്ത ഭൂവിസ്തൃതി കണക്കാക്കിയിരിക്കുന്നതും സബ്സിഡി അനുവദിച്ചിരിക്കുന്നതും. സ്ഥലമുടമ നൽകിയിട്ടുള്ള സമ്മതപത്രം, ഗുണഭോക്താവ് കൃഷിചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, വിള ഇൻഷ്വർ ചെയ്ത രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-22 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത കുട്ടിക്കും നൽകി

2020-21 വർഷം വാണിമേൽ ഗ്രാമപഞ്ചായത്തിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ ഭിന്നശേഷി സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം (പ്രൊജക്ട് .നം. 13/2020-21) 39 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ മുഹമ്മദ് റാദിഫ് എന്ന കുട്ടി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത കുട്ടിക്ക് സ്കോളർഷിപ്പ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

1-23 തുടർവിദ്യാഭ്യാസ പദ്ധതി - ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയില്ല

ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ തുടർ വിദ്യാഭ്യാസ പദ്ധതി (പ്രൊജക്ട് നം. 32/2020-21) 26 ഗുണഭോക്താക്കൾക്ക് വേണ്ടി 1850/- രൂപ വീതം , ആകെ 48100/- രൂപ കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റിയിൽ 27.03.2021 ന് അടവാക്കിയിട്ടുണ്ട്.

എന്നാൽ 26 ഗുണഭോക്താക്കളെ പഞ്ചായത്ത് അംഗീകരിച്ച പട്ടിക ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. കൂടാതെ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലിറ്ററസി മിഷനിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്.

1-24 പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ട് : പാലിയേറ്റീവ് കെയർ പ്രോജക്ട് 2020-21

പ്രോജക്ട് നമ്പർ : 25/20-21

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ - 5,80,000 (വികസന ഫണ്ട്-ജനറൽ)

ചെലവ് - 5,17,125 (വികസന ഫണ്ട്-ജനറൽ)

വാണിമേൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ 5,17,125/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ(സാധാ) നം.553/2019/തസ്വഭവ തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ.2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിനും മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ-പി.എച്ച്.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2020-21 വർഷത്തിൽ ഒരു തവണ പോലും യോഗം ചേരുകയുണ്ടായില്ല. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ യോഗം ചേരാത്തതിനും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങാത്തതിനും വിശദീകരണം നൽകേണ്ടതാണ് .

## 1-25 സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം - വിശദാംശം ലഭ്യമാക്കിയിട്ടില്ല

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള പരിശോധനയിൽ, സാക്ഷരതാ പ്രേരക് മാർക്ക് ടി.എ, ഹോണറേറിയം, എന്നീ ഇനങ്ങളിൽ നൽകിയ 16,200/- രൂപ നിലവിൽ പഞ്ചായത്തിന് തിരികെ ലഭിയ്ക്കാനുള്ളതായി കാണുന്നു. സാക്ഷരതാ മിഷനിൽ നിന്നും യഥാസമയം ഫണ്ട് ലഭിക്കാതെ വരുമ്പോൾ തനത്ഫണ്ടിൽ നിന്നും ഹോണറേറിയവും, മറ്റു അലവൻസുകളും നൽകുകയും, ആയതിന്റെ കണക്ക് സാക്ഷരതാ മിഷനെ അറിയിച്ച് തുക ക്രമീകരിക്കുകയുമാണ് ചെയ്യേണ്ടത്.

ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും തുക, തിരികെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 20-21 സംക്ഷിപ്തം പ്രകാരം 4,18,570/- രൂപ ഡെപ്പോസിറ്റുള്ളതായി കാണുന്നു. വിവിധ അക്കൗണ്ടുകളിലായി 2014-15 കാലയളവ് മുതലുള്ള പലവിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 281, 282 പ്രകാരം കാലാവധി കഴിഞ്ഞതിൽ നിലനിൽത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 03.06.2022 To 08.06.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 299000 | ലൈഫ്- സമ്പൂർണ്ണ പാർപ്പിട പദ്ധതി(ജനറൽ) | 299000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 300000 | ലൈഫ്- സമ്പൂർണ്ണ പാർപ്പിട പദ്ധതി(ജനറൽ) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 119000 | ലൈഫ്- സമ്പൂർണ്ണ പാർപ്പിട പദ്ധതി-ST | 119000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 650000 | ലൈഫ്- സമ്പൂർണ്ണ പാർപ്പിട പദ്ധതി-ST | 650000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 440000 | ലൈഫ്- സമ്പൂർണ്ണ പാർപ്പിട പദ്ധതി- SC | 440000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 250000 | ഭിന്നശേഷി സ്കോളർഷിപ്പ് | 250000 | ം |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 60000 | ക്ഷീര ഗ്രാമം വനിത | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 250000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 240000 | ക്ഷീര ഗ്രാമം വനിത | 240000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 199896 | ശിശു സൗഹൃദ കേന്ദ്രം | 199869 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 20000 | വിശപ്പ് രഹിത കേരളം | 20000 | ം |
| ജില്ലാ പഞ്ചായത്ത് | 2020-21 | 10000 | വിശപ്പ് രഹിത കേരളം | 10000 | ം |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല-

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | | 10586936 | 892274 | -- | 9694662 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2003-04 | 11.4.116 | വൈദ്യുതി ചാർജ്ജ് പിഴപ്പലിശ | നില നിൽക്കുന്നു. |
| 1997-98 | | 2003-04 | 11.14.117 | പരിഷത്ത് അടുപ്പ് | നില നിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2000-01 | 3 | 2004-05 | 11.1.4.6 118 | തൊഴിൽ പരിശീലന പദ്ധതികൾ | നില നിൽക്കുന്നു. |
| 2001-02 | 2-4 | 2006-07 | 3.79.1.4.99 | നികുതി കാലഹരണം | നില നിൽക്കുന്നു. |
| 2001-02 | 2-1 | 2006-07 | 3.79.4.7.103 | ക്യാഷ് ബുക്കും മറ്റും എഴുതി സൂക്ഷിക്കുന്നില്ല | നില നിൽക്കുന്നു. |
| 2001-02 | 3-1 | 2006-07 | 3.79.5.6.104 | വാട്ടർച്ചാർജ്ജ് | നില നിൽക്കുന്നു. |
| | | 2011-12 | 3.3.6.121 | അങ്കണവാടികളുടെ ഭൗതികസാഹചര്യം | നില നിൽക്കുന്നു. |
| | | 2015-16<br>ടി | 3.6.1.24<br>3-7-13 | എസ്.സി.എസ്.ടി അടിസ്ഥാന സൗകര്യ വികസനം<br>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | നില നിൽക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4.188 | തൊഴിൽ നികുതി അപാകതകൾ | നില നിൽക്കുന്നു. |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | ടി | നില നിൽക്കുന്നു. |
| 2016-17 | 2-2 | 2017-18 | | ആഭ്യന്തര നിയന്ത്രണ സംവിധാനം | നില നിൽക്കുന്നു. |
| 2018-19 | 2-8 | 2017-18 | | വിവിധോദ്ദേശങ്ങൾക്ക് ലഭിച്ച തുകകൾ തനത് ഫണ്ടെന്ന നിലയിൽ ചെലവഴിച്ചതിനാൽ തനത്ഫണ്ട് കമ്മിയായി | നില നിൽക്കുന്നു. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72151439 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73327758 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 53800 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| -ഇല്ല - | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 53800 | സവിത.എം, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സവിത.എം, സെക്രട്ടറി വാണിമേൽ ഗ്രാമ പഞ്ചായത്ത് | കടമ്പൂർ ഗ്രാമ പഞ്ചായത്ത്, കാടാച്ചിറ.പി.ഒ, കണ്ണൂർ, സെക്രട്ടറി | കല്യാൺ ഹൗസ്, മമ്പറം പി.ഒ, 673501 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | കെ.എസ്.എ.കെ.കെ.ഡി. പി4/876/ 2017തി.10.12.2019 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.പി4/ 876/ 2017തി.10.12.2019 | 1 | 38 |
| 1998-99 (പദ്ധതി) | കെ.എസ്.എ.കെ.കെ.ഡി.പി4/876/ 2017തി.10.12.2019 | 1 | 26 |

| | | | |
|---|---|---|---|
| 1999-00 (പ്ലാൻ) | എൽ.എഫ്.എസ്.3/789/03 09.10.2003 | 2 | 24,25 |
| 1999-00 (വരവ്) | കെ.എസ്.എ.കെ.കെ.ഡി.പി4/ 876/ 2017തി.10.12.2019 | 1 | 6(എ,ബി) |
| 2000-01 (പദ്ധതി ചെലവ് ഒഴികെ) | കെ.എസ്.എ.കെ.കെ.ഡി.പി4/ 876/ 2017തി.10.12.2019 | 5 | 2-2,2-3, 2-4,3-2, 3-3,3-5 |
| 2001-02 (പദ്ധതി ചെലവ് ഒഴികെ) | കെ.എസ്.എ.കെ.കെ.ഡി.പി4/876/ 2017തി.10.12.2019 | 1 | 3-5 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി4/876/ 2017തി.10.12.2019 | 8 | 2-1,2-2, 2-3, 2-4,3-1, 3-2, 3-3,3-4 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി4/876/ 2017തി.10.12.2019 | 2 | 3-2,3-4 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി4/876/ 2017തി.10.12.2019 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി4/ 876/ 2017തി.10.12.2019 | 2 | 3-3,3-6 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി4/ 876/ 2017തി.10.12.2019 | 7 | 3-1(ബി), 3-2,3-6, 3-9, 3-10,3-11, 3-18 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി4/ 876/ 2017തി.10.12.2019 | 13 | 3-2,3-3, 3-5 മുതൽ 3-15 വരെ |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി4/ 876/2017തി.10.12.2019 | 6 | 2-1,3-2, 3-3, 3-4,3-8, 3-10 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി4/ 876/ 2017തി.10.12.2019 | 6 | 2-3(2),3-2, 3-4,3-5, 3-6,3-7 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി4/ | 12 | 3-2,3-3, |

| | | | |
|---|---|---|---|
| | 876/ 2017തി.10.12.2019 | | 3-5,3-6,<br>3-7,3-8,<br>3-10,3-12,<br>3-13,3-15,<br>3-16,<br>3-17 |
| 2011-12,<br>2012-13 | എൽ.എഫ്.കെ.കെ.ഡി.പി 11/<br>766/14 2.5.15 | 18 | 2-1,2-2,<br>3-1 To<br>3-10,<br>3-12 To<br>3-15,<br>3-17 4-11 |
| 2013-2014,<br>2014-15 | എൽ.എഫ്.കെ.കെ.ഡി പി 11/<br>1331/2016 25.4.17 | 8 | 2-1, 3-5,<br>3-6,3-7,<br>3-12,<br>3-16,<br>3-19,3,21 |
| 2015-16 | എൽ.എഫ്.കെ.കെ.ഡി പി 11/<br>2245/2016 4.1.17 | 11 | 2-2, 2-3,<br>3-6,<br>3-12, 3-13,<br>3-15,3-17,<br>3-23,<br>3-24,<br>3-27 |
| 2016-17 | എൽ.എഫ്.കെ.കെ.ഡി<br>പി 11/1729/18 23.04.18 | 18 | 2-1(1,3),<br>2-1(4)(5),<br>2-2,2-3,<br>2-6,3-1,<br>3-2,3-3,<br>3-4,3-6,<br>3-7,3-8,<br>3-9,3-10,<br>3-12,<br>3-13,3-14,<br>3-15 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.<br>പി4/1663/2019 തീ.09.07.2020 | 17 | 1-12,2-3,<br>2-6,2-8,<br>2-10,3-1,<br>3-2,3-3,<br>3-4,3-5,<br>3-6,3-7,<br>3-8,3-9,<br>3-10,3-14, |

| | | | |
|---|---|---|---|
| | | | 3-16 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.<br>പി4/912/2021 തീ.17.11.2021 | 31 | 1-1,1-3 മുതൽ 1-5 വരെ, 1-7മുതൽ 1-25 വരെ, 1-28, 1-29,1-31, 1-32,1-35, 1-36,1-37, 1-38,1-41, 3-1 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./<br>പി4 /522/2022 തീ.24.03.2021 | 22 | 1-5 മുതൽ 1-26 വരെ |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്